ചന്ദ്രിക

# അമൃതയിൽ പുതിയ ബാച്ചിന്റെ അധ്യയനം തുടങ്ങി

കൊച്ചി: ബ്രഹ്മസ്ഥാനം ക്യാമ്പസിൽ നടന്ന ചടങ്ങിൽ ഈ വർഷം പുതുതായെത്തിയ എഴുന്നൂറോളം വിദ്യാർഥികൾക്ക് വരവേൽപ്പ് നൽകി. സമാരംഭം 2025 എന്ന പേരിലുള്ള പരിപാടിയിൽ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ബി.അശോക് ഐഎഎസ് മുഖ്യാതിഥിയായി.

ക്യാമ്പസ് ഡയറക്ടറും ഡീനുമായ ഡോ. യു കൃഷ്ണകുമാർ, മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി, അമൃത സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് മോളിക്യുലാർ മെഡിസിൻ വിഭാഗം മേധാവി ഡോ. ശാന്തികുമാർ നായർ, ഡോ. നാരായണൻ മേനോൻ കൊമേരത്ത്, ഡോ.ശരത് മേനോൻ, ഡോ.പി.രാജശേഖർ, ഡോ.പി ബാലസുബ്രഹ്മണ്യം എന്നിവർ സംസാരിച്ചു. ഐകെഎസ് മാഗസിൻ, അമൃതകിരണം ഫോട്ടോലോഗ് എന്നിവയുടെ പ്രകാശനം സമാരംഭം വേദിയിൽ സ്വാമി പൂർണാമൃതാനന്ദപുരി നിർവഹിച്ചു.